"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- ജില്ലാ പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.13/2024/P&EA തിരുവനന്തപുരം, 27-07-2024

---

പരാമർശം:- 1. സർക്കാർ ഉത്തരവ് (അച്ചടി) നം.19/2017/പ്ലാനിംഗ്, തീയതി 23/09/2017.

2. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.02.2024, 29.02.2024 & 29.06.2024 തീയതികളിലെ എസ്.പി.ബി- 148/2023/ഡി.പി.ഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

ഭരണഘടനയുടെ അനുച്ഛേദം 243-ZD പ്രകാരം സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതല ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്നതും ജില്ലയ്ക്ക് മൊത്തത്തിൽ ബാധകവുമായ ജില്ലാ പദ്ധതി തയ്യാറാക്കുകയെന്നുള്ളതാണ്. പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം 2018 ൽ ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ ജില്ലാ പദ്ധതികൾ അഞ്ച് വർഷം പിന്നിട്ടതിനാലും, സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിച്ചതിനാലും, ജില്ലാ പദ്ധതികൾ പരിഷ്കരിച്ച് തയ്യാറാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി, പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടുകളും പുതിയ മുൻഗണനകളും, വികസന സാദ്ധ്യതകളും ഉൾക്കൊണ്ട് ജില്ലാ പദ്ധതികൾ പരിഷ്കരിക്കുന്നതിന് പരാമർശത്തിലെ ഉത്തരവിന്റെ അനുബന്ധമായി പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവാകുന്നു. പരിഷ്കരിച്ച മാർഗ്ഗരേഖ ഈ ഉത്തരവിന്റെ **അനുബന്ധമായി** ചേർത്തിട്ടുണ്ട്.

3. പതിനാല് ജില്ലാ ആസൂത്രണ സമിതികളും മാർഗ്ഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്. ജില്ലാ പദ്ധതി പരിഷ്കരണത്തിന്റെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതും വിവിധ വികസന മേഖലകളിൽ ഇടപെടുന്ന വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവക്ക് കൃത്യമായ ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതുമായ രേഖയായിരിക്കണം ജില്ലാ പദ്ധതി.

4.സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും സർവകലാശാലകളുടെയും വിദ്യാഭ്യാസ-ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും പൂർണ്ണപങ്കാളിത്തവും സഹകരണവും ആവശ്യമാണ്. സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുക,

സ്ഥിതിവിവരക്കണക്കുകളുടെ വിശകലനത്തിന് വേണ്ട സാങ്കേതിക സഹായം നൽകുക, വിവര വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വികസന വിടവുകളും സാധ്യതകളും സംബന്ധിച്ച നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ വിദഗ്ധരെ പങ്കെടുപ്പിച്ച് ജില്ലകളിൽ ചർച്ചകളും ശിൽപശാലകളും സംഘടിപ്പിക്കുക, ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്ന ഉപസമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക, റിപ്പോർട്ടുകൾ തയ്യാറാക്കുക, എന്നിങ്ങനെ ഗുണനിലവാരവും സാങ്കേതികത്തികവുമുള്ള ജില്ലാ പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ എല്ലാ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും കൃത്യമായി ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർപേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ ഓഫീസർമാർക്കും
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും /എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പ്(മന്ത്രിസഭാ യോഗതീരുമാനംഇനം നം.2302 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 27-07-2024 14:14:30
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എ. യ്ക്ക്

എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്